പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 963 20.3.2013 ലെ മറുപടിക്ക്

## കാസർകോഡ് ജില്ലയിലെ വിവിധ കോളനികളിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസനവകുപ്പ് മുഖേന കാസർകോഡ് ജില്ലയിലെ വിവിധ കോളനികളിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി വാങ്ങൽ പദ്ധതി, ഭവന നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ പട്ടികജാതി കോളനികളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ഇന്റർനെറ്റ്, ലൈബ്രറി സൗകര്യങ്ങളോടെ ജില്ലയിൽ ഒന്നാം ഘട്ടത്തിൽ 3 വിജ്ഞാൻവാടികൾ സ്ഥാപിച്ചു. 2-ാം ഘട്ടത്തിൽ ഒരു വിജ്ഞാൻവാടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ജില്ലയിലെ 50 കുടുംബത്തിലധികം താമസിക്കുന്ന കോളനികളിൽ നിന്നും ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 6 കോളനികളെ സ്വയം പര്യാപ്ത കോളനിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളും ജില്ലയിൽ നടന്നു വരുന്നുണ്ട്. |
| (ബി)ഇവിടത്തെ പട്ടികജാതി കോളനികളിൽ മാതൃക അംഗൻവാടികൾ അനുവദിക്കുന്ന പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | അംഗൻവാടികൾ അനുവദിക്കുന്ന കാര്യം പട്ടികജാതി വികസന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ.